**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1264 — 13.06.2013-ലെ മറുപടിക്ക്

**അങ്കമാലി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് നിർമ്മാണപ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). | അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി സമാന്തര പാലത്തിന്റെയും ബൈപ്പാസ് റോഡിന്റെയും നിർമ്മാണത്തിനായി 42 കോടി രൂപ അനുവദിച്ച ശേഷവും നിർമ്മാണപ്രവൃത്തി തുടങ്ങാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) & (ബി) | പൊതുജനങ്ങളുടേയും പൊതുപ്രവർത്തകരുടേയും നിരന്തരമായ ആക്ഷേപങ്ങളെ തുടർന്ന് കാലടി സമാന്തര പാലത്തിന്റേയും ബൈപാസ് റോഡിന്റെയും അലൈൻമെന്റ് നിർണ്ണയിക്കുവാൻ സമയം ഏറെ വേണ്ടി വന്നു. നിർദ്ദേശിക്കപ്പെട്ട സ്ഥലത്തു കൂടിയുള്ള സർവ്വേ പൊതുജനങ്ങളുടെ എതിർപ്പു മൂലം ഇതുവരെയും നടത്തുവാൻ സാധിച്ചിട്ടില്ല. ആയതു കൊണ്ടാണ് ഈ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു കൊണ്ടുള്ള മേൽനടപടികൾക്കു താമസം നേരിടുന്നത്. |
| (ബി). | താണിപ്പുഴയിൽ നിന്നും ആരംഭിച്ച് കാലടി-ആലുവ റോഡ് മറികടന്ന് കാലടി പഞ്ചായത്താഫീസിന് പടിഞ്ഞാറു വശത്തുകൂടി മറ്റൂർ ഇന്ത്യൻ കോഫി ഹൗസിന് സമീപമുള്ള എം.സി. റോഡിൽ ചേരുന്ന ഈ അലൈൻമെന്റ് നടപ്പിലാക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | | |
| (സി). | ഇതിനെതിരെ തടസ്സവാദം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി). | അലൈൻമെന്റ് നിർണ്ണയത്തെപ്പറ്റി വളരെ ഏറെ സംഘടനകളും സ്ഥാപനങ്ങളും തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ട്. |
| (ഡി). | കാലതാമസത്തിന് ഉത്തരവാദി ആരെന്ന് വ്യക്തമാക്കുമോ ? | (ഡി). | മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ടാണ് കാലതാമസം നേരിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ